# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1613 | 13.06.2014-ൽ മറുപടിക്ക് |
|---|---|

### ശിശു സംരക്ഷണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വർക്കല കഹാർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ശിശുസംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ടി പദ്ധതി 2009-10 വർഷം സംസ്ഥാനത്ത് നിലവിൽ വന്നു. 03.01.2012-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 205/12/എസ്.ഡബ്ല്യു.ഡി നമ്പർ ഉത്തരവനുസരിച്ച് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഗവേണിംഗ് ബോഡിയും, എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ വരത്തക്കവണ്ണം സംയോജിപ്പിച്ചാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ബാലനീതി സേവനങ്ങൾ ഉറപ്പാക്കുക, കുടുംബതലത്തിലും സമൂഹതലത്തിലുമുള്ള ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക, 2000-ലെ ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം എന്നിവ ഉറപ്പാക്കുക, കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും ശിശു സംരക്ഷണത്തെപ്പറ്റിയുമുള്ള സാമൂഹ്യ അവബോധം വർദ്ധിപ്പിക്കുക എന്നിവയാണ്. |
| (സി) | കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹികതലത്തിൽ പ്രചാരണ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ലൈംഗികാതിക്രമങ്ങൾ പ്രതിരോധിക്കുവാനുള്ള ആന്തരികശേഷി കുട്ടികളിൽ വളർത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കുട്ടികൾക്കെതിരായുള്ള ലൈംഗിക അതിക്രമങ്ങൾ തടയാനായി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട് 2012 എന്ന നിയമം നിലവിൽ വന്നിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പ്രചാരണ പ്രവർത്തനങ്ങൾ, അദ്ധ്യാപകരുടെ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ്, പരിശീലകരുടെ കൈപുസ്തകം, ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനുള്ള പരിപാടികൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ